# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2488 08.05.2017 -ലെ മറുപടി

## പി. ഐ. പി. കനാൽ

**ചോദ്യം**

ശ്രീ. ആർ.രാജേഷ്

(എ) പമ്പാ ഇറിഗേഷൻ പ്രോജക്റ്റ് (പി.ഐ.പി.) കനാൽ കഴിഞ്ഞ 5 വർഷക്കാലം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ/അറ്റകുറ്റപ്പണികൾ ഏതൊക്കെയെന്നും എവിടെയൊക്കെയെന്നും ഇതിനായി എന്തുതുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ വർഷം പി.ഐ.പി. കനാൽ അറ്റകുറ്റപ്പണി /നിർമ്മാണത്തിനായി അനുവദിച്ച തുകയുടെയും നടത്തിയ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പി.ഐ.പി.കനാൽ വഴി ഈ വേനൽകാലത്ത് ജലസേചനം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

**മറുപടി**

മാത്യു.ടി തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) പമ്പാ ഇറിഗേഷൻ പ്രോജക്റ്റിന്റെ കനാലുകൾക്ക് കഴിഞ്ഞ 5 വർഷക്കാലം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ/അറ്റകുറ്റപ്പണികൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2012-13 | 1104.61 |
| 2013-14 | 730.28 |
| 2014-15 | 390.34 |
| 2015-16 | 388.28 |
| 2016-17 | 406.88 |

നിർമ്മാണ പ്രവർത്തനങ്ങൾ/ അറ്റകുറ്റപ്പണികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഈ വർഷം (2017-18) പമ്പാ ഇറിഗേഷൻ പ്രോജക്റ്റിന്റെ കനാലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ /അറ്റകുറ്റപ്പണികൾക്കായി 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2017-18 വർഷത്തേയ്ക്ക് വേണ്ടിയുള്ള മുൻഗണനാപ്രവർത്തികൾ ഉൾപ്പെടുത്തി കൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.

(സി) ഈ വേനൽകാലത്ത് പമ്പാ ഇറിഗേഷൻ പ്രോജക്റ്റിന്റെ കനാലുകളിലൂടെ ജലവിതരണം നടത്തിയിരുന്നു. എങ്കിലും മെയിൻ കനാലിന്റെ ചെ.4.20 കി.മീറ്ററിൽ ഉണ്ടായ തകർച്ച മൂലം ജലവിതരണത്തിന് തടസ്സം ഉണ്ടായിട്ടുണ്ട്. കനാലിന്റെ ഈ ഭാഗത്തെ പുനർനിർമ്മാണം മെയ് മാസം രണ്ടാം വാരത്തോടുകൂടി പൂർത്തിയാകുന്നതും തുടർന്ന് ജലവിതരണം പൂർണ്ണതോതിൽ നടത്താൻ സാധിക്കുന്നതുമാണെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്